'ഭരണഭാഷ- മാതൃഭാഷ'

150 YEARS OF CELEBRATING THE MAHATMA

## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് -ജീവനക്കാര്യം- വിശാല കൊച്ചി വികസന അതോറിറ്റി- അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ തസ്തികയിൽ വിരമിച്ച ശ്രീ.സി.വി.ജേക്കബ് , ശ്രീമതി എം.ആർ. രാജലക്ഷ്മി, ശ്രീ. ഫസലുൾ റഹ്മാൻ എന്നിവർ ഫയൽ ചെയ്ത WP(C) 29106/07 & WP(C) 5320/2011 നം. കേസുകളിലെ ബഹു.ഹൈക്കോടതിയുടെ 18.02.2015-ലെ പൊതുവിധി-സി.സി.(സി)നം.551/2019 നമ്പർ കോടതിയലക്ഷ്യക്കേസിന്മേലുള്ള 10.04.2019-ലെ വിധിന്യായം- വിധി നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(സാധാ) നം.1190/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 10/06/2019

---

പരാമർശം:- 1 25.03.2006 -ലെ സ.ഉ(അച്ചടി)നം.145/06/ധന

2 17.08.2007-ലെ സ.ഉ നം.2251/2007/തസ്വഭവ.

3 26.02.2011 -ലെ സ.ഉ(അച്ചടി)നം.85/2011/ധന

4 07.12.2011 -ലെ സ.ഉ(കൈ)നം.305/2011/തസ്വഭവ.

5 29.3.2012-ലെ സ.ഉ.(പി)നം .193/2012/ധന

6 WP(C) 29106/07 & WP(C) 5320/2011നം. കേസുകളിന്മേലുള്ള ബഹു.ഹൈക്കോടതിയുടെ 18.02.2015 തീയതിയിലെ പൊതുവിധി.

7 25.02.2018 -ലെ സ.ഉ(കൈ)നം.27/2018/തസ്വഭവ.

8 WA Nos-1510 & 1511/2015 നമ്പർ അപ്പീലുകളിലെ ബഹു.ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെ 24.07.2018-ലെ വിധി.

9 ജിസിഡിഎ സെക്രട്ടറിയുടെ 26.10.2018, 31.01.2019, 12.02.2019 തീയതികളിലെ 3768/എസ്റ്റാ.2/2014/ജിസിഡിഎ നമ്പർ കത്ത്.

10 21.02.2019-ലെ ഐ.എ3/165/2018/തസ്വഭവ നമ്പർ സർക്കാർ കത്ത്.

11 സി.സി.(സി)നം.551/2019 നമ്പർ കോടതിയലക്ഷ്യ കേസിന്മേലുള്ള ബഹു.ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെ 10.04.2019-ലെ വിധിന്യായം.

### ഉത്തരവ്

സംസ്ഥാന സർക്കാർ ജീവനക്കാർക്ക് എട്ടാം ശമ്പളപരിഷ്കരണ ആനുകൂല്യങ്ങൾ അനുവദിച്ച് നൽകിയ പരാമർശം (1)-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിശാല കൊച്ചി വികസന അതോറിറ്റിയിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ തസ്തികയ്ക്ക് ഗവ: സെക്രട്ടറിയേറ്റിലെ ഡെപ്യൂട്ടി സെക്രട്ടറി തസ്തികയ്ക്ക് സമാനമായി ₹ 20700-26600 ശമ്പളസ്കെയിലാണ് അതോറിറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി ശുപാർശ ചെയ്ത് സർക്കാർ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നതെങ്കിലും, രണ്ട് തസ്തികകളുടെയും ജോലിയും ഉത്തരവാദിത്വവും സമാനമല്ലാത്തതിനാൽ പരാമർശം (2)-ലെ ഉത്തരവ് പ്രകാരം ₹ 16650-23200 ശമ്പളസ്കെയിലാണ് അതോറിറ്റിയിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

തസ്തികയ്ക്ക് അനുവദിച്ച നൽകിയത്.

(2) ജിസിഡിഎയിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ തസ്തികയ്ക്ക് 01.07.2004 പ്രാബല്യത്തിൽ ₹ 20700-26600 ശമ്പളസ്കെയിൽ അനുവദിക്കണമെന്ന ആവശ്യവുമായി അതോറിറ്റിയിൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ തസ്തികയിൽ ജോലി നോക്കിയിരുന്ന ശ്രീ. ഫസലുൾ റഹ്മാൻ, ശ്രീമതി എം.ആർ. രാജലക്ഷ്മി എന്നിവർ ചേർന്ന് ഡബ്ല്യൂപി(സി) 29106/07 നമ്പർ കേസും, ശ്രീ.സി.വി.ജേക്കബ് ഡബ്ല്യൂപി(സി) 5320/2011 നമ്പർ കേസും ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്തു. പ്രസ്തുത കേസുകളിൽ പരാതിക്കാർക്ക് ജിസിഡിഎ നിർദ്ദേശിച്ച പുതുക്കിയ ശമ്പളസ്കെയിലിൽ അനുവദിക്കുവാനും സർവ്വീസിൽ നിന്നും വിരമിച്ചവർക്ക് എന്തെങ്കിലും ആനുകൂല്യങ്ങൾ ലഭിക്കുവാനുണ്ടെങ്കിൽ ആയത് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ തസ്തികയുടെ പുതുക്കിയ ശമ്പളസ്കെയിലായ ₹ 20700-26600-ൽ അനുവദിക്കാനും പരാമർശം (6) പ്രകാരം പൊതുവിധിയായിരുന്നു.

(3) മേൽ വിധിക്കെതിരെ സർക്കാർ രണ്ടു തസ്തികകളുടെയും ജോലിയും ഉത്തരവാദിത്വവും സമാനമല്ലാത്തതിനാൽ സമാന ശമ്പള സ്കെയിൽ അനുവദിക്കുന്നതിനെതിരെ WA Nos-1510 & 1511/2015 നമ്പരായി അപ്പീലുകൾ നല്കുകയും ബഹു.ഹൈക്കോടതി ഡിവിഷൻ ബഞ്ച് പരാമർശം (8) വിധി പ്രകാരം അപ്പീലുകൾ തള്ളുകയും ചെയ്തു.

(4) ഈ കാലയളവിൽ ജിസിഡിഎ ജീവനക്കാർക്ക് ഒൻപത്, പത്തു ശമ്പളപരിഷ്കരണ അനുകൂല്യങ്ങൾ അനുവദിച്ചതിൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ തസ്തികയ്ക്ക് പരാമർശം (4)-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒൻപതാം ശമ്പളപരിഷ്കരണ ഉത്തരവ് പ്രകാരം ₹ 29180-43640 എന്ന സ്കെയിലും പരാമർശം (7)-ലെ ഉത്തവിന്റെ അടിസ്ഥാനത്തിൽ പത്താം ശമ്പളപരിഷ്കരണ ഉത്തരവ് പ്രകാരം ₹ 55350-10140 എന്ന സ്കെയിലും അനുവദിച്ചിരുന്നു.

(5) പരാമർശം (6)-ലെ വിധിയുടെ അടിസ്ഥാനത്തിൽ 31.03.2010 അപരാഹ്നത്തിൽ അഡ്.ഓഫീസറായി വിരമിച്ച ശ്രീമതി. എം.ആർ. രാജലക്ഷ്മിയ്ക്ക് 01/07/2004 പ്രാബല്യത്തിൽ ₹ 20700-26600 , 01/07/2009 പ്രാബല്യത്തിൽ ₹ 40640-57440 എന്നീ ശമ്പള സ്കെയിലുകളും 31.05.2015 അപരാഹ്നത്തിൽ അഡ്.ഓഫീസറായി വിരമിച്ച ശ്രീ.സി.വി.ജേക്കബ് എന്നിവർക്ക് കോടതി വിധിയുടെ അടിസ്ഥാനത്തിൽ 01/07/2004 പ്രാബല്യത്തിൽ ₹ 20700-26600, 01/07/2009 പ്രാബല്യത്തിൽ ₹ 40640-57440, 01/07/2014 പ്രാബല്യത്തിൽ ₹ 77400-115200 എന്നീ ശമ്പള സ്കെയിലുകളും അനുവദിക്കണമെന്ന് ജിസിഡിഎ സെക്രട്ടറി പരാമർശം (9) പ്രകാരം സർക്കാരിനോട് അപേക്ഷിക്കുകയുണ്ടായി. എന്നാൽ പൊതുവിധി നടപ്പിലാക്കുന്നതിലേക്കായി 31.03.2010 അപരാഹ്നത്തിൽ വിരമിച്ച ശ്രീമതി. എം.ആർ. രാജലക്ഷ്മി, 31.05.2015 അപരാഹ്നത്തിൽ വിരമിച്ച ശ്രീ.സി.വി.ജേക്കബ് എന്നിവർക്ക് 01/07/2004 പ്രാബല്യത്തിൽ ₹ 20700-26600 അനുവദിക്കാവുന്നതും തുടർ ശമ്പളപരിഷ്കരണങ്ങളിൽ ജിസിഡിഎയിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ തസ്തികയ്ക്ക് സെക്രട്ടേറിയറ്റിലെ ഡെപ്യൂട്ടി സെക്രട്ടറിയുടെ ശമ്പള സ്കെയിൽ അനുവദിക്കേണ്ടതാണെന്ന് പ്രസ്തുത വിധിയിൽ പരാമർശമില്ലാത്തതിനാൽ ജിസിഡിഎ സെക്രട്ടറിയുടെ ആവശ്യം

പരിഗണനാർഹമല്ലെന്ന വിവരം പരാമർശം (10) സർക്കാർ കത്ത് മുഖേന ജിസിഡിഎ സെക്രട്ടറിയെ അറിയിച്ചു.

(6) എന്നാൽ 9, 10 ശമ്പളപരിഷ്കരണങ്ങളിൽ ജി.സി.ഡി.എയിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ തസ്തികയ്ക്ക് സെക്രട്ടേറിയറ്റിലെ ഡെപ്യൂട്ടി സെക്രട്ടറിയുടെ ശമ്പള സ്കെയിൽ അനുവദിക്കാത്തത് കോടതിവിധിയുടെ ലംഘനമാണെന്ന് കാട്ടി ശ്രീ.സി.വി.ജേക്കബ് കോടതി അലക്ഷ്യത്തിനു സി.സി.(സി) നം.551/2019 നമ്പർ കേസ് ഫയൽ ചെയ്തു.

(7) 1984-ലെ കേരള ഡവലപ് മെന്റ് അതോറിറ്റി റൂൾസിനെ ഉദ്ധരിച്ചുകൊണ്ടാണ് പരാമർശം (6)-ലെ പൊതുവിധിയായത്. എന്നാൽ 1984-ലെ കേരള ഡവലപ് മെന്റ് അതോറിറ്റി റൂൾസിനെ അതിലംഘിച്ചു കൊണ്ട് കേരള ടൗൺ & കൺട്രി പ്ലാനിംഗ് (ഡവലപ് മെന്റ് അതോറിറ്റീസ്) റൂൾസ്, 2015 നിലവിൽ വന്നത് ഉൾപ്പടെ ഉള്ള വസ്തുതകൾ സർക്കാർ ബഹു.ഹൈക്കോടതിയെ ബോധിപ്പിച്ചു. ജിസിഡിഎയ്ക്ക് ഒൻപതാം ശമ്പളപരിഷ്കരണം അനുവദിക്കുന്ന വേളയിൽ 1984-ലെ കേരള ഡവലപ് മെന്റ് അതോറിറ്റി റൂൾസ് നിലവിലുണ്ടായിരുന്നതിനാൽ പരാതിക്കാരന് ഒൻപതാം ശമ്പളപരിഷ്കരണ ആനുകൂല്യങ്ങൾ മുൻ ശമ്പള പരിഷ്കരണങ്ങൾക്ക് സമാനമായ രീതിയിൽ അനുവദിക്കണമെന്ന് പരാമർശം (11) പ്രകാരം വിധിയായി.

(8) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ഒൻപതാം ശമ്പളപരിഷ്കരണ ആനുകൂല്യങ്ങൾ അനുവദിച്ചു നൽകിയ പരാമർശം (3) ഉത്തരവിലെ Annexure I പ്രകാരം, 20700-26600 ശമ്പള സ്കെയിലിന്റെ പരിഷ്കരിച്ച സ്കെയിൽ 36140-49740 ആണ്. ടി സ്കെയിൽ ഗവ. സെക്രട്ടേറിയറ്റിലെ ഡെപ്യൂട്ടി സെക്രട്ടറി തസ്തികയുടെ ശമ്പള സ്കെയിലിനു സമാനമാണ്. എന്നാൽ പരാമർശം (5) പ്രകാരം, ടി 36140-49740 എന്ന ശമ്പള സ്കെയിലിനെ, അഡ്വക്കേറ്റ് ജനറൽ ഓഫീസിലെയും, കേരള പബ്ലിക് സർവീസ് കമ്മീഷനിലേയും, ഗവ.സെക്രട്ടറിയേറ്റിലെയും ഡെപ്യൂട്ടി സെക്രട്ടറിമാർക്ക് മാത്രമായി 40640-57440 സ്കെയിലിൽ നിജപ്പെടുത്തി പരിഷ്കരിച്ച് ഉത്തരവായിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവ് മറ്റു വകുപ്പുകൾക്ക് ബാധകമാക്കിയിട്ടില്ല. ജിസിഡിഎയിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ തസ്തികയെ സെക്രട്ടേറിയേറ്റിലെ ഡെപ്യൂട്ടി സെക്രട്ടറി തസ്തികയുമായി തുല്യപ്പെടുത്തിക്കൊണ്ട് സർക്കാർ/അതോറിറ്റിയുടെ ഉത്തരവുകളോ ചട്ടങ്ങളോ നിലവിലില്ലാത്ത സാഹചര്യത്തിൽ, WP(C) 29106/07 & WP(C) 5320/2011 നം. കേസുകളിലെ പരാതിക്കാർക്ക്, ബഹു. ഹൈക്കോടതിയുടെ ഉത്തരവിൻ പ്രകാരം, എട്ടാം ശമ്പളപരിഷ്കരണത്തിൽ അനുവദിച്ച 20700-26600 രൂപ ശമ്പള സ്കെയിൽ അനുവദിച്ചുകൊണ്ടും ടി. സ്കെയിലിന് സമാനമായി, പരാമർശം (3) ഉത്തരവിലെ Annexure I പ്രകാരം, പുതുക്കിയ സ്കെയിൽ ആയ 36140-49740 രൂപ ശമ്പള സ്കെയിൽ അനുവദിച്ചുകൊണ്ടും, അപ്രകാരം ബഹു.ഹൈക്കോടതിയുടെ പരാമർശം (11)-ലെ വിധി നടപ്പിലാക്കിക്കൊണ്ടും ഉത്തരവാകുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

**വി.നാഗേന്ദ്രന്**

**ഡെപ്യൂട്ടി സെക്രട്ടറി**

സെക്രട്ടറി, വിശാല കൊച്ചി വികസന അതോറിറ്റി
അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
ശ്രീ.സി.വി.ജേക്കബ്,Swas വില്ല, വലിയകുളം, ഉദയംപേരൂർ, കൊച്ചി-682 307
ശ്രീമതി എം.ആർ. രാജലക്ഷ്മി,ഫ്ലാറ്റ് നം.2-ഡി, AC Centaurus, ദേശാഭിമാനി റോഡ്, കൊച്ചി - 682017'
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**